## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3186 14/07/2015-ൽ മറുപടിക്ക്

# വൈദ്യുതി കമ്പി പൊട്ടി വീഴുന്നതുകൊണ്ടുണ്ടാകുന്ന അപകടങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) 2015 മെയ്, ജൂൺ മാസങ്ങളിൽ ശക്തമായ കാറ്റിലും മഴയിലും വൈദ്യുതി കമ്പി പൊട്ടി വീണ് എത്ര അപകടങ്ങൾ കാസർഗോഡ് ജില്ലയിൽ ഉണ്ടായിട്ടുണ്ട്; ഇതിൽ എത്രപേർക്ക് മരണം സംഭവിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഒരു അപകടം ഉണ്ടാകുകയും ഒരാൾ മരിക്കുകയും ചെയ്തു. വൊർക്കാടി സെക്ഷന്റെ പരിധിയിൽ 23/06/2015-ൽ ഉണ്ടായ പ്രസ്തുത അപകടത്തിൽ സുജിത് കുമാർ എന്ന വ്യക്തിയാണ് മരിച്ചത്. |
| (ബി) മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും അപകടം പറ്റിയവർക്കും കെ എസ് ഇ ബി എന്തെങ്കിലും സഹായം നൽകാറുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | വൈദ്യുതാപകടങ്ങളിൽപ്പെട്ട് മരണമടയുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം 5 ലക്ഷം രൂപയും അപകടത്തിൽപ്പെടുന്നവർക്ക് അപകടത്തിന്റെ ഫലമായി സംഭവിച്ച സ്ഥിരവും സ്ഥായിയുമായ അംഗ വൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായ തുകയും (പരമാവധി ₹.5,00,000 രൂപ) അനുവദിക്കുന്നുണ്ട്. |
| (സി) പ്രസ്തുത ജില്ലയിൽ ജീവനക്കാരുടെ ഒഴിവുകൾ നികത്താത്തതാണ് അപകടം കൂടാൻ കാരണമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ